**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4862** **13-03-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരത്തെ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് വർഷമാണെന്നും ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 27/04/2013 ൽ 4880 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 3660 ലക്ഷം രൂപ കേന്ദ്രസർക്കാർ സഹായം ലഭ്യമായിട്ടുണ്ട്. അതിൽ 3556.15 ലക്ഷം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര സർക്കാർ സഹായം ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 27/04/2013 ൽ 4880 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 3660 ലക്ഷം രൂപ കേന്ദ്രസർക്കാർ സഹായം ലഭ്യമായിട്ടുണ്ട്. അതിൽ 3556.15 ലക്ഷം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. |
| (സി) | പ്രസ്തുത തുറമുഖ നിർമ്മാണ പ്രവൃത്തി തുടങ്ങിയത് എപ്പോഴാണെന്നും ഇതിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ പൂർത്തീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ; | (സി) | പ്രസ്തുത തുറമുഖ നിർമ്മാണ പ്രവൃത്തികൾ 08/12/2015-ൽ ആരംഭിക്കുകയും അനുമതി ലഭ്യമായ പ്രവൃത്തികൾ പൂർത്തീകരിച്ച് 2020 ഒക്ടോബർ 1 –ന് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. തെക്ക് വടക്ക് പുലിമുട്ടുകൾ, കീവാൾ, ലേലപ്പുര, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രെഡ്ജിംഗ് & റിക്ലമേഷൻ , റിക്ലമേഷൻ ബണ്ട്, അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, ഗിയർ ഷെഡ്, നെറ്റ് മെന്റിംഗ് ഷെഡ്, വർക്ക് ഷോപ്പ്, റെസ്റ്റ് ഷെഡ്, ഷോപ്പ്, അഡ്-മിനിസ്ട്രേറ്റീവ് ബിൽഡിംഗ് വാട്ടർ സപ്ലൈ അറേഞ്ച്മെന്റ്, ക്യാന്റീൻ, ടോയ്‌ലെറ്റ്, ഗേറ്റ് & ഗേറ്റ് ഹൗസ് , ചുറ്റമതിൽ, ഇലക്ട്രിഫിക്കേഷൻ, നാവിഗേഷൻ ലൈറ്റ് തുടങ്ങിയ പ്രവൃത്തികളാണ് ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ അഡ്-മിനിസ്ട്രേറ്റീവ് ബിൽഡിംഗ് ഒഴികെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് നിർമ്മാണ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | മോഡണൈസേഷൻ ശീർഷകത്തിൽ ഏർപ്പാടാക്കി പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ഡി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ പ്രവൃത്തിയിൽ പാലം, ബോട്ട്ജെട്ടി എന്നിവ ഇല്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ഡി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുഭാഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള പാലം നിർമ്മാണത്തിനായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 1670 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തെങ്കിലും ഫൗണ്ടേഷൻ വ്യതിയാനം വന്നതിനാൽ പുതുക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിനിടയിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെടുകയും ചെയ്തു. ഈ കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് മഞ്ചേശ്വരം മത്സ്യബന്ധന ഹാർബറിന്റെ വടക്ക് വശത്തായി മറ്റൊരു ലോലെവൽ ജെട്ടി, പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 660 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ്, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രെഡ്ജ് ചെയ്യുന്നതിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എന്നിവ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറാക്കി വരുന്നു.<br><br>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം നിലവിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്നുണ്ട്. പ്രസ്തുത ഹാർബർ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് മേൽ പരാമർശിച്ച പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേ ണ്ടതായിട്ടുണ്ട്. |
| (ഇ) | ആവശ്യമായ എല്ലാ അടിസ്ഥാന ഭൗതിക സൗകര്യങ്ങളും പൂർത്തീകരിച്ച് പ്രസ്തുത മത്സ്യബന്ധന ഹാർബർ മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കാൻ എപ്പോൾ സാധിക്കുമെന്ന് വിശദമാക്കാമോ? | (ഇ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുഭാഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള പാലം നിർമ്മാണത്തിനായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 1670 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തെങ്കിലും ഫൗണ്ടേഷൻ വ്യതിയാനം വന്നതിനാൽ പുതുക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിനിടയിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെടുകയും ചെയ്തു. ഈ കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് മഞ്ചേശ്വരം മത്സ്യബന്ധന ഹാർബറിന്റെ വടക്ക് വശത്തായി മറ്റൊരു ലോലെവൽ ജെട്ടി, പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 660 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ്, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രെഡ്ജ് ചെയ്യുന്നതിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എന്നിവ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറാക്കി വരുന്നു.<br><br>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം നിലവിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്നുണ്ട്. പ്രസ്തുത ഹാർബർ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് മേൽ പരാമർശിച്ച പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേ ണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ